**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2348** **03-03-2025 - ൽ മറുപടിയ്ക്ക്**

**പാങ്ങപ്പാറ ഐ.എഫ്.എച്ച്.സി.യുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം നഗരസഭയിലെ 11 വാർഡുകളിലെ ജനങ്ങൾക്ക് ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തുന്ന പാങ്ങപ്പാറ ഐ.എഫ്.എച്ച്.സി.യുടെ പ്രവർത്തനങ്ങളിൽ തിരുവനന്തപുരം നഗരസഭ നൽകിവരുന്ന സഹായങ്ങൾ വിശദമാക്കുമോ; | (എ) | 1953-ൽ സ്ഥാപിതമായ പാങ്ങപ്പാറ കുടുംബാരോഗ്യ കേന്ദ്രത്തിൽ 06.10.2020 വരെ ഒ.പി സേവനവും ആരോഗ്യ വകുപ്പിന്റെ ഫീൽഡ് തല പ്രവർത്തനങ്ങളും മാത്രമാണ് നടന്നു വന്നിരുന്നത്.<br><br>07.10.2020 മുതൽ ആർദ്രം പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം നഗരസഭയുടെ സഹായത്തോട്ടു കൂടി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുകയും 09.08.2019 ലെ 128/2019/ആ.ക.വ. സർക്കാർ ഉത്തരവ് പ്രകാരം 10 തസ്തികകൾ അധികം സൃഷ്ടിച്ചുകൊണ്ട് 8 കിടക്കകളോട്ടു കൂടിയ 24 X7 കിടത്തി ചികിത്സ ആരംഭിക്കുകയും ഒ. പി, ഫാർമസി എന്നിവയുടെ പ്രവർത്തന സമയം വൈകുന്നേരം 6 മണിവരെ ദീർഘിപ്പിക്കുകയും ചെയ്തു. അതിനോടൊപ്പം തന്നെ നഗരസഭയുടെ സഹായത്തോടുകൂടി 17 ജീവനക്കാര താത്കാലികമായി നിയമിക്കുകയും എല്ലാ വർഷവും ഒരു നിശ്ചിത തുക തിരുവനന്തപുരം നഗരസഭ, കുടുംബാരോഗ്യ കേന്ദ്രം - മെഡിക്കൽകോളേജ് ഹെൽത്ത് യൂണിറ്റ്, പാങ്ങപ്പാറയുടെ മാനുഷിക വിഭവശേഷി ഉയർത്തുന്നതിനും മറ്റു അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് ആകെ 4,40,54,594/- രൂപ പ്ലാൻ ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. ആയതിൽ നഗരസഭയിൽ നിന്നും നിയമിച്ച മൂന്ന് ഡോക്ടർമാർ ഉൾപ്പെടെ 16 ജീവനക്കാരുടെ വേതനം, മരുന്ന്, മറ്റു ആശുപത്രി ഉപകരണങ്ങൾ വാങ്ങൽ എന്നിവ ടി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. അതോടൊപ്പം തന്നെ പാങ്ങപ്പാറ ഹെൽത്ത് സെന്ററിന്റെ കീഴിലുള്ള സബ് സെന്ററുകളുടെ വാടകയും മറ്റു ചെലവുകളും നഗരസഭ വഹിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ബി) | പാങ്ങപ്പാറ ഐ.എഫ്.എച്ച്.സി.യുടെ സമീപ വാർഡുകളായ കാട്ടായിക്കോണം, ചന്തവിള, കഴക്കൂട്ടം എന്നിവ പാങ്ങപ്പാറ ഐ.എഫ്.എച്ച്.സി.യുടെ പരിധിയിലാക്കണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | നഗരസഭ ഈ വിഷയത്തിൽ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല. |
| (സി) | പാങ്ങപ്പാറ ഐ.എഫ്.എച്ച്.സി.യുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന് തിരുവനന്തപുരം നഗരസഭ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ? | (സി) | 1953-ൽ സ്ഥാപിതമായ പാങ്ങപ്പാറ കുടുംബാരോഗ്യ കേന്ദ്രത്തിൽ 06.10.2020 വരെ ഒ.പി സേവനവും ആരോഗ്യ വകുപ്പിന്റെ ഫീൽഡ് തല പ്രവർത്തനങ്ങളും മാത്രമാണ് നടന്നു വന്നിരുന്നത്.<br><br>07.10.2020 മുതൽ ആർദ്രം പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം നഗരസഭയുടെ സഹായത്തോടു കൂടി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുകയും 09.08.2019 ലെ 128/2019/ആ.ക.വ. സർക്കാർ ഉത്തരവ് പ്രകാരം 10 തസ്തികകൾ അധികം സൃഷ്ടിച്ചുകൊണ്ട് 8 കിടക്കകളോടു കൂടിയ 24 X7 കിടത്തി ചികിത്സ ആരംഭിക്കുകയും ഒ. പി, ഫാർമസി എന്നിവയുടെ പ്രവർത്തന സമയം വൈകുന്നേരം 6 മണിവരെ ദീർഘിപ്പിക്കുകയും ചെയ്തു. അതിനോടൊപ്പം തന്നെ നഗരസഭയുടെ സഹായത്തോടുകൂടി 17 ജീവനക്കാര താത്കാലികമായി നിയമിക്കുകയും എല്ലാ വർഷവും ഒരു നിശ്ചിത തുക തിരുവനന്തപുരം നഗരസഭ, കുടുംബാരോഗ്യ കേന്ദ്രം - മെഡിക്കൽകോളേജ് ഹെൽത്ത് യൂണിറ്റ്, പാങ്ങപ്പാറയുടെ മാനുഷിക വിഭവശേഷി ഉയർത്തുന്നതിനും മറ്റു അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് ആകെ 4,40,54,594/- രൂപ പ്ലാൻ ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. ആയതിൽ നഗരസഭയിൽ നിന്നും നിയമിച്ച മൂന്ന് ഡോക്ടർമാർ ഉൾപ്പെടെ 16 ജീവനക്കാരുടെ വേതനം, മരുന്ന്, മറ്റു ആശുപത്രി ഉപകരണങ്ങൾ വാങ്ങൽ എന്നിവ ടി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. അതോടൊപ്പം തന്നെ പാങ്ങപ്പാറ ഹെൽത്ത് സെന്ററിന്റെ കീഴിലുള്ള സബ് സെന്ററുകളുടെ വാടകയും മറ്റു ചെലവുകളും നഗരസഭ വഹിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ